LIBRARY ARCHIVES Kerala Legislative Assembly

വെറ്റിലപ്പാറ ഹയർ സെക്കണ്ടറി സ്കൂളിൽ എസ്.പി.സി. പദ്ധതി

140(5729) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി മണ്ഡലത്തിലെ വെറ്റിലപ്പാറ ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിൽ എസ്.പി.സി. പദ്ധതി അനുവദിക്കുന്നതിനായി ബഹു. ആഭ്യന്തര വകുപ്പുമന്ത്രി വാക്കാൽ നൽകിയ ഉറപ്പുപ്രകാരം തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ചാലക്കുടി മണ്ഡലത്തിലെ അതിരപ്പിള്ളി പഞ്ചായത്തിലെ വെറ്റിലപ്പാറ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ എസ്.പി.സി. പദ്ധതി അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

തോട്ടപ്പള്ളി തീരദേശ പോലീസ് സ്റ്റേഷന്റെ പ്രവർത്തനം

141(5730)ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തോട്ടപ്പള്ളി തീരദേശ പോലീസ് സ്റ്റേഷന്റെ ജീവനക്കാരുടെ അംഗബലം എത്ര ; നിലവിൽ എത്ര പേർ ജോലി ചെയ്യുന്നു ; എത്ര ഒഴിവുകൾ നിലവിലുണ്ട് ; നിലവിലുള്ള ഒഴിവുകളിൽ ജീവനക്കാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ;

(ബി) തീരദേശ പോലീസ് സ്റ്റേഷന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത സ്റ്റേഷന്റെ ഉപയോഗത്തിനായി ഇന്റർസെപ്റ്റർ ബോട്ടുകൾ നൽകിയിട്ടുണ്ടോ ; എത്ര ബോട്ടുകളാണ് നൽകിയിട്ടുള്ളത് ; അവ ഓരോന്നിന്റെയും വില എത്രയെന്നും അറിയിക്കുമോ ;

(ഡി) ഇന്റർസെപ്റ്റർ ബോട്ട് ഉപയോഗിക്കാൻ പരിശീലനം ലഭിച്ചവർ സ്റ്റേഷനിൽ ഉണ്ടോ ; എത്ര പേർക്ക് പരിശീലനം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഇ) തോട്ടപ്പള്ളി തീരദേശ പോലീസ് സ്റ്റേഷനിൽ ഏതെങ്കിലും തസ്തികയിൽ ദിവസവേതനക്കാർ ജോലി ചെയ്യുന്നുണ്ടോ ; എങ്കിൽ ഏതെല്ലാം തസ്തികയിൽ ; അവരുടെ ദിവസവേതനം എത്ര ; ദിവസവേതനത്തിന് ആളുകളെ റിക്രൂട്ട് ചെയ്യുന്നതിന്റെ മാനദണ്ഡമെന്താണ് ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) തോട്ടപ്പള്ളി തീരദേശ പോലീസ് സ്റ്റേഷനിലെ ജീവനക്കാരുടെ അംഗബലം, ഒഴിവുകൾ എന്നിവ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	തസ്തിക	അനുവദിച്ച തസ്തികകളുടെ എണ്ണം	നിലവിലുള്ള തസ്തികകളുടെ എണ്ണം	ഒഴിവുകൾ
1	പോലീസ് ഇൻസ്പെക്ടർ	1	1	...
2	പോലീസ് സബ് ഇൻസ്പെക്ടർ	3	2	1
3	അസി.പോലീസ് സബ് ഇൻസ്പെക്ടർ	3	2	1
4	സീനിയർ സിവിൽ പോലീസ് ഓഫീസർ	9	5	4
5	സിവിൽ പോലീസ് ഓഫീസർ	28	23	5
6	ജീപ്പ് ഡ്രൈവർ	2	2	...
7	ബോട്ട് ഡ്രൈവർ	7	5	2
8	അസി. ബോട്ട് കമാൻഡർ	1	0	1
9	ബോട്ട് സ്രാങ്ക്	6	5	1
10	ബോട്ട് ലാസ്കർ	6	3	3
11	സ്പെഷ്യൽ മറൈൻ ഹോം ഗാർഡ്	4	4	...
12	പാർട്ട് ടൈം സ്വീപ്പർ	1	1	...

ഒഴിവുള്ള തസ്തികകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കടൽ കടന്നുവരുന്ന ഭീകരപ്രവർത്തനങ്ങളും നിയമവിരുദ്ധ പ്രവർത്തനങ്ങളും നാഴ്ത്തുകയറ്റവും തടയുന്നതിനുവേണ്ടിയാണ് തീരദേശ പോലീസ് സ്റ്റേഷൻ രൂപീകരിച്ചിട്ടുള്ളത്. രാജ്യസുരക്ഷയുടെ ഭാഗമായി കടലിൽ നിരന്തരമായ ബോട്ട് പട്രോളിംഗ് നടത്തുക, തീരദേശ പട്രോളിംഗ് നടത്തുക, കടലോര ജാഗ്രത സമിതി അംഗങ്ങളുമായും മത്സ്യത്തൊഴിലാളികളുമായും നിരന്തരം സമ്പർക്കം പുലർത്തി രാജ്യസുരക്ഷ ഉറപ്പുവരുത്തുക എന്നിവയാണ് പ്രവർത്തനങ്ങൾ :

(സി) സ്റ്റേഷന്റെ ഉപയോഗത്തിനായി 3 ഇന്റർസെപ്റ്റർ ബോട്ടുകൾ നൽകിയിട്ടുണ്ട്. അവ ഓരോന്നിനും 2 കോടി 15 ലക്ഷം രൂപ വിലവരും.

(ഡി) 3 പേർക്ക് ഇന്റർസെപ്റ്റർ ബോട്ടുകൾ ഉപയോഗിക്കാൻ പരിശീലനം ലഭിച്ചിട്ടുണ്ട്.

(ഇ) ദിവസവേതനക്കാർ താഴെപ്പറയുന്ന തസ്തികകളിൽ ജോലി ചെയ്യുന്നുണ്ട്.

തസ്തിക	എണ്ണം	ദിവസവേതനം
ബോട്ട് കമാണ്ടർ	1	783
സ്പെഷ്യൽ മറൈൻ ഹോം ഗാർഡ്	4	500
ബോട്ട് സ്രാങ്ക്	5	1000
ബോട്ട് ഡ്രൈവർ	5	600
ബോട്ട് ലാസ്കർ	3	400
പാർട്ട് ടൈം സ്വീപ്പർ	1	133

സംസ്ഥാന പോലീസ് മേധാവിയുടെ 2-7-2011-ലെ എസ്3/44342/2009 കത്ത് പ്രകാരമുള്ള മാനദണ്ഡങ്ങളനുസരിച്ചാണ് ദിവസവേതനക്കാരെ നിയമിക്കുന്നത്. പ്രസ്തുത കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly